**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 657** **13-01-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ രൂപീകരണം കൊണ്ടുള്ള നേട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ. സി . ജോസഫ് | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ കാർഷിക-വ്യാവസായിക രംഗത്ത് കേരള ബാങ്കിന്റെ രൂപീകരണം എത്രമാത്രം സഹായകമാണെന്ന് വ്യക്തമാക്കുമോ; | (എ) | 1) 29-11-2019-ൽ കേരള ബാങ്ക് രൂപീകൃതമായ ശേഷം കോവിഡ്-19 പശ്ചാത്തലത്തിൽ കാർഷിക ചെറുകിട സംരംഭകർക്കായി 2000 കോടി രൂപയുടെ സ്പെഷ്യൽ ലിക്വഡിറ്റി പദ്ധതി പ്രകാരം 6.40% പലിശ നിരക്കിൽ വായ്പ അനുവദിച്ച് നൽകി. ഇത് കാർഷിക ചെറുകിട സംരംഭങ്ങൾക്കുണ്ടായ വളർച്ചാ മാന്ദ്യം പരിഹരിക്കുന്നതിന് സഹായകരമായി. 2) കാർഷിക മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പായിനത്തിലും കാർഷിക അനുബന്ധ മേഖലകളിലുമായി 4181.25 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 3) കാർഷിക മേഖലയിൽ ചെറുകിട വ്യവസായ സംരംഭ മേഖലകളിലുമായി മധ്യകാല, ദീർഘകാല വായ്പായിന ത്തിൽ 134.25 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 4) കാർഷിക മേഖലയിൽ ഡയറി, പൗൾട്രി, ഫിഷറീസ് വിഭാഗങ്ങൾക്കായി 2 ലക്ഷം രൂപാ വരെയുള്ള പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. 5) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന SRF (PACS as MSC) കേരളാ ബാങ്ക് നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. പ്രസ്തുത വായ്പയുടെ പലിശ നിരക്ക് 4% വും 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും 3% പലിശ സബ് വെൻഷനും ലഭിക്കുന്ന പദ്ധതിയാണിത്. 6) കാർഷിക ഗ്രാമീണ മേഖലയിൽ മുതൽ മുടക്കുന്ന സഹകരണ സംഘങ്ങൾക്ക് നബാർഡ് റീഫൈനാൻസ് ആയി ദീർഘകാല കാർഷിക വായ്പകളും, SHG, JLG കാർഷിക ഉല്പാദക സംഘങ്ങൾ തുടങ്ങിയവയ്ക്ക് ദീർഘകാല വായ്പകൾ അനുവദിച്ച വരുന്നു. KB മൈക്രോ ഫുഡ് പ്രോസസിംഗ്, KB മിത്ര MSME, |

| | | | |
|---|---|---|---|
| | | | LT സുവിധ, KB മൈക്രോ ഫൈനാൻസ് എന്നീ പദ്ധതികൾ പ്രകാരം ചെറുകിട കച്ചവട സംരംഭകർക്കായി വായ്പകൾ അനുവദിച്ചു വരുന്നു. 7) നിലവിൽ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് കേരള ബാങ്ക് അനുവദിച്ച് വരുന്ന ഹ്രസ്വകാല കാർഷിക വായ്പകളുടെ പലിശ നിരക്ക് 7% ൽ നിന്ന് 6% ആയി കുറയ്ക്കുകയും പ്രസ്തുത 6% -ൽ 3% നബാർഡ് സബ് വെൻഷൻ ആയി ലഭിക്കുകയും ചെയ്യുക വഴി കർഷകന് ഫലത്തിൽ 3% നിരക്കിൽ വായ്പ ലഭ്യമാകുന്നു. 8) 1.60 ലക്ഷം രൂപാ വരെയുള്ള കാർഷിക വായ്പകൾക്ക് ഈട് ഒഴിവാക്കി നൽകുന്നതിന് സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ചെറുകിട വ്യവസായ വാണിജ്യ മേഖലകൾക്ക് ചുരുങ്ങിയ പലിശയ്ക്ക് ലോൺ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. KB Mithra (MSME), KB Vuvamithra, KB Suvidha എന്നീ വായ്പാ പദ്ധതികൾ മുഖാന്തിരം കുറഞ്ഞ പലിശ നിരക്കിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ മേഖലയിൽ കേരള ബാങ്ക് വായ്പകൾ നൽകി വരുന്നു. |
| (സി) | അടുത്ത മൂന്ന് വർഷം കൊണ്ട് ബാങ്ക് ലക്ഷ്യം വയ്ക്കുന്നത് എത്ര കോടി രൂപയുടെ ബിസ്സിനസ്സാണ്; അത് എപ്രകാരം നേടിയെടുക്കുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | (സി) | അടുത്ത മൂന്ന് വർഷം കൊണ്ട് ബാങ്ക് ലക്ഷ്യം വെയ്ക്കുന്നത് 3 ലക്ഷം കോടി രൂപയുടെ ബിസിനസ്സാണ്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി നൂതന സംവിധാനങ്ങളോടു കൂടിയ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുകയും, ഡിജിറ്റൽ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതോടുകൂടി യുവജനങ്ങൾക്കും സാധാരണ ജനങ്ങൾക്കും ആധുനിക ബാങ്കിംഗ് സേവനങ്ങൾ മിതമായ നിരക്കിൽ നൽകി കൂടുതൽ ബിസിനസ്സ് വർദ്ധിപ്പിക്കുവാൻ സാധിക്കും. കൂടാതെ 3 tier സംവിധാനത്തിൽ നിന്നും 2 tier സംവിധാനത്തിൽ ആയതിനാൽ ഏകദേശം 1% വായ്പാ പലിശയുടെ ഇളവ് സാധാരണ കർഷകരിലേക്ക് എത്തിക്കാൻ സാധിക്കും. ആധുനിക സംവിധാനങ്ങളുടെ വരവോടു കൂടി ബാങ്കിന്റെ CASA നിക്ഷേപം വർദ്ധിക്കുകയും അതിനോടനുബന്ധിച്ച് വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുവാനും സാധിക്കും. |
| (ഡി) | കേരള ബാങ്ക് റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ വന്നതോടുകൂടി സഹകരണ ബാങ്കിന് ലഭ്യമായിരുന്ന ഇളവുകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുകയുണ്ടായില്ലേ എന്ന് വ്യക്തമാക്കുമോ; | (ഡി) | കേരള സംസ്ഥാന സഹകരണ ബാങ്ക് നിലവിൽ റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിയന്ത്രണത്തോടുകൂടി പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ബാങ്കാണ്. അതനുസരിച്ച് കേരള ബാങ്കും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി ആയിരിക്കും പ്രവർത്തിക്കുക. സംസ്ഥാന സഹകരണ ബാങ്കിന് നിലവിലുള്ള എല്ലാ ആനുകൂല്യങ്ങളും ഇളവുകളും കേരള ബാങ്കിനും ലഭ്യമാണ്. |
| | | | |

| | | | |
|---|---|---|---|
| (ഇ) | സാധാരണക്കാരായ ഗ്രാമീണർക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് കേരള ബാങ്കിന്റെ രൂപീകരണം എത്രമാത്രം സഹായകമാകുമെന്ന് അറിയിക്കാമോ? | (ഇ) | കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ വ്യത്യസ്തതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ മേഖലയിലെ വിവിധ സ്ഥാപനങ്ങളുമായി അഭേദ്യമായ ബന്ധം പുലർത്തുന്നവരാണ്. പ്രാഥമിക സഹകരണ ബാങ്കുകൾ വഴി ആധുനിക ബാങ്കിംഗ് സേവനങ്ങൾ ഏർപ്പെടുത്തി സാധാരണക്കാരായ ഗ്രാമീണരെ ഭാഗമാക്കി മാറ്റുന്നതിന് കേരള ബാങ്കിന് കഴിയുന്നതാണ്. കുടുംബശ്രീ, ക്ഷീര സംഘങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ മേഖലകളിലേക്കും ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിനുള്ള ലക്ഷ്യത്തോടെ ഏകീകൃത കോർ ബാങ്കിംഗ് സിസ്റ്റത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരള ബാങ്ക് പൂർത്തിയാക്കി വരുകയാണ്. PACS Interface, BC Module, ATM, Mobile Banking, BBPS, IMPS, UPI തുടങ്ങിയ സൗകര്യങ്ങൾ കേരളത്തിലെ ഗ്രാമീണ മേഖലയിലെ എല്ലാ സാധാരണക്കാർക്കും നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ